**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6445** **10-11-2021 - ൽ മറുപടിയ്ക്ക്**

**ഭൂരേഖകൾ പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം** | | **Shri. K. Rajan**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | വിവിധ അപേക്ഷകളും സർട്ടിഫിക്കറ്റുകളും ഓൺലൈനിൽ നൽകുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (എ) | റവന്യൂ വകുപ്പിന് കീഴിൽ വരുന്ന വില്ലേജ് ഓഫീസ് ഉൾപ്പെടെയുള്ള വിവിധ ഓഫീസുകളിലെ സേവനങ്ങൾ ഗുണഭോക്താക്കൾക്ക് ഓഫീസുകളിലേയ്ക്ക് നേരിട്ട് എത്താതെ തന്നെ വേഗത്തിൽ സുതാര്യമായി ലഭിക്കുന്നതിന് പരമാവധി സേവനങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമിലാക്കി ഇ-ഗവർണൻസ് സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. സുതാര്യത ഉറപ്പാക്കിക്കൊണ്ട് റവന്യൂ ഓഫീസുകളിൽ നിന്നും ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തോടെയും വിവിധ പദ്ധതികളാണ് വകുപ്പിൽ നിലവിൽ നടപ്പിലാക്കിവരുന്നത്. റവന്യൂ വകുപ്പിന് കീഴിൽ വരുന്ന വിവിധ ഓഫീസുകളിൽ അപേക്ഷകളും സർട്ടിഫിക്കറ്റുകളും ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ സംബന്ധിച്ചവിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

1. **ഇ-ഡിസ്ട്രിക്ട്**

വില്ലേജ് ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്ക് ആവശ്യമായ വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട്. ഇതു വഴി പൊതു ജനങ്ങൾക്ക് വില്ലേജ് ഓഫീസുകളിൽ വരാതെ തന്നെ സർട്ടിഫിക്കറ്റുകൾ ലഭ്യമാകുന്നു. താഴെപ്പറയുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഇ-ഡിസ്ട്രിക്ട് സംവിധാനം വഴി നൽകിവരുന്നു.

1. ജാതി സർട്ടിഫിക്കറ്റ്
2. താമസക്കാരനാണെന്നുള്ള സർട്ടിഫിക്കറ്റ്
3. ബന്ധുത്വ സർട്ടിഫിക്കറ്റ്
4. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്
5. ഡൊമിസൈൽ സർട്ടിഫിക്കറ്റ്
6. വരുമാന സർട്ടിഫിക്കറ്റ്
7. കൈവശാവകാശ സർട്ടിഫിക്കറ്റ്
8. തിരിച്ചറിയൽ സർട്ടിഫിക്കറ്റ്
9. സോൾവെൻസി സർട്ടിഫിക്കറ്റ്
10. ലൊക്കേഷൻ സർട്ടിഫിക്കറ്റ്
11. ആശ്രിത സർട്ടിഫിക്കറ്റ്
12. അഗതി സർട്ടിഫിക്കറ്റ്
13. കുടുംബാംഗത്വ സർട്ടിഫിക്കറ്റ്
14. നോൺ റീ-മാര്യേജ് സർട്ടിഫിക്കറ്റ്
15. ലൈഫ് സർട്ടിഫിക്കറ്റ്
16. വൺ ആന്റ് ദി സെയിം സർട്ടിഫിക്കറ്റ്
17. പൊസഷൻ ആന്റ് നോ അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ്
18. വാല്യൂവേഷൻ സർട്ടിഫിക്കറ്റ്
19. വിധവ/വിഭാര്യൻ സർട്ടിഫിക്കറ്റ്
20. നോൺ ക്രീമിലയർ സർട്ടിഫിക്കറ്റ്
21. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്
22. ഇന്റർകാസ്റ്റ് മാര്യേജ് സർട്ടിഫിക്കറ്റ്
23. കൺവർഷൻ സർട്ടിഫിക്കറ്റ്
24. മൈനോറിറ്റി സർട്ടിഫിക്കറ്റ്

2. **റവന്യു ഇ-പെയ്മെന്റ്**

സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ അടയ്ക്കാവുന്ന എല്ലാ പെയ്മെന്റുകളും ഓൺലൈൻ വഴിയും വില്ലേജ് ഓഫീസുകളിൽ നേരിട്ടും ഒടുക്കുന്നതിനുള്ള ഇ-പെയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

3. **സംയോജിത ഓൺ ലൈൻ പോക്കുവരവ് (Online Mutation)**

ഭൂസംബന്ധമായി റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാധ്യമാക്കുന്നു. ആധുനിക വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും, സുതാര്യമായും, കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കുന്നത്.

4. **റവന്യൂ മിത്രം**

റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുണ്ടാകുന്ന എല്ലാത്തരം പരാതികളും വകുപ്പ് മന്ത്രിയ്ക്ക് നൽകുന്നത് ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റുക എന്നതാണ് റവന്യൂ മിത്രം എന്നത് കൊണ്ടുദ്ദേശിക്കുന്നത്.

5. **റവന്യൂ ഇ സർവീസസ് മൊബൈൽ ആപ്ലിക്കേഷൻ**

റവന്യൂ ഇ സർവീസസ് മൊബൈൽ ആപ്ലിക്കേഷനിലൂടെ പൊതുജനങ്ങൾക്ക് ഭൂനികുതി, ഓഫ്‌ലൈൻ പോക്കുവരവ്, ഭൂരേഖകളുടെ നാളതീകരണത്തിനുമുള്ള അപേക്ഷകൾ എന്നിവ നൽകാവുന്നതാണ്. ഭൂമിയുടെ കൈവശാവകാശം സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കുന്നതിനുള്ള ലാൻഡ് ഇൻഫോർമേഷൻ സിസ്റ്റവും റവന്യൂ ഇ സർവീസസ് മൊബൈൽ ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

6. **തണ്ടപ്പേർ പകർപ്പ് ഓൺലൈൻ**

വില്ലേജ് ഓഫീസുകൾ വഴി വിതരണം ചെയ്യുന്ന തണ്ടപ്പേർ പകർപ്പ് ഡിജിറ്റലായി സാക്ഷ്യപ്പെടുത്തി ഭൂവുടമകൾക്ക് വിതരണം ചെയ്യുന്നതിനുള്ള മൊഡ്യൂൾ. പൊതു ജനങ്ങൾക്ക് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുവാനും ഫീസ് അടയ്ക്കുവാനും ഡിജിറ്റലായി സാക്ഷ്യപ്പെടുത്തിയ തണ്ടപ്പേർ പകർപ്പ് ഡൗൺലോഡ് ചെയ്തെടുക്കുവാനും സാധിക്കും.

7. **ലൊക്കേഷൻ മാപ്പ് ഓൺലൈൻ**

വില്ലേജ് ഓഫീസുകൾ വഴി വിതരണം ചെയ്യുന്ന ലൊക്കേഷൻ സർട്ടിഫിക്കറ്റുകൾ ReLIS - മായി സംയോജിപ്പിച്ച് ഡിജിറ്റലായി സാക്ഷ്യപ്പെടുത്തി ഭൂവുടമകൾക്ക് വിതരണം ചെയ്യുന്നതിനുള്ള മൊഡ്യൂൾ. പൊതു ജനങ്ങൾക്ക് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുവാനും ഫീസ് അടയ്ക്കുവാനും ലൊക്കേഷൻ സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്തെടുക്കുവാനും സാധിക്കും.

8. **FMB ഓൺലൈൻ**

ഡിജിറ്റൽ സർവ്വേ പൂർത്തിയാക്കിയ വില്ലേജ് ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്ക് FMB പകർപ്പ് ഓൺലൈൻ ആയി അപേക്ഷിച്ച് ഡൗൺലോഡ് ചെയ്തെടുക്കുവാൻ സാധിക്കുന്ന സംവിധാനമാണിത്.

9. **കേരള ബിൽഡിംഗ് ടാക്സ് മാനേജ്മെന്റ് സിസ്റ്റം**

കേരള കെട്ടിട നികുതി നിയമം 1975 പ്രകാരം റവന്യൂ വകുപ്പ് മുഖേന പിരിച്ചെടുക്കുന്ന കെട്ടിട നികുതി, ആഡംബര നികുതി എന്നിവ സർക്കാർ വരുമാനത്തിന്റെ ഗണ്യമായ ഭാഗമാണ്. റവന്യൂ വകുപ്പിൽ കെട്ടിട നികുതി, ആഡംബര നികുതി എന്നിവ ഓൺലൈനായി സ്വീകരിക്കുന്നതിനുളള വെബ് ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുള്ളതും പൊതുജനങ്ങൾക്ക് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കുവാൻ കഴിയുന്നതുമാണ്.

10. **കോവിഡ് എക്സ്ഗ്രേഷ്യ നഷ്ടപരിഹാര പോർട്ടൽ**

കേന്ദ്ര- സംസ്ഥാന സർക്കാരുകൾ രൂപീകരിച്ച മാർഗനിർദ്ദേശങ്ങൾ പ്രകാരം സംസ്ഥാനത്ത് കോവിഡ്-19 ബാധിച്ച് മരണപ്പെട്ട വ്യക്തിയുടെ കുടുംബത്തിന് എക്സ്ഗ്രേഷ്യ നഷ്ടപരിഹാരത്തിനായി അപേക്ഷ ജില്ലാ ദുരന്തനിവാരണ അതോറിറ്റി മുമ്പാകെ സമർപ്പിക്കുന്നതിനും എക്സ്ഗ്രേഷ്യ സഹായം ലഭ്യമാക്കുന്നതിനുള്ള സംവിധാനം.